(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത ഈ വിഭാഗത്തിൽപ്പെട്ട എത്ര ആളുകളുടെ വായ്പയാണ് എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ വായ്പ എഴുതിത്തള്ളുന്നതിനായി അപേക്ഷ നൽകിയ പട്ടികവി ഭാഗക്കാരുടെ വിശദാംശങ്ങൾ നൽകാമോ ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒന്നര ലക്ഷംരൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണസംഘങ്ങളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുകയും 50,000 രൂപവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്ത വായ്പാത്തുക എഴുതിത്തള്ളുന്നതിനുള്ള കടാശ്വാസ പദ്ധതി നിലവിലില്ല.

(ബി&സി) 10-12-2013-ലെ സ.ഉ(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരമുള്ള പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നതിനായി 12 കോടിരൂപ സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ആനുകൂല്യത്തിന് അർഹതപ്പെട്ടവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

മരണപ്പെട്ടവരുടെ വായ്പാ കുടിശ്ശികകളുടെ ഒറ്റത്തവണ തീർപ്പാക്കൽ

90 (6541) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ വായ്പാ കുടിശ്ശികകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) വായ്പാ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കിയാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് മരണപ്പെടുന്ന വായ്പാക്കാരുടെ അനന്തരാവകാശിക്ക് നോട്ടീസ് നൽകി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ ഇതിനുപുറമെ സെക്യൂരിറ്റൈസേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളുമാണ് സ്വീകരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ട് ലക്ഷംരൂപവരെ വായ്പ എടുത്തിട്ടുള്ള വായ്പക്കാരൻ മരണപ്പെട്ടാൽ ഒരുവർഷത്തിനകം അവകാശികൾ വായ്പാ കണക്കവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസംമുതൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന തീയതിവരെയുള്ള പലിശ ഒഴിവാക്കി നൽകുന്നതാണ്. കൂടാതെ 'ആശ്വാസ് പദ്ധതി' പ്രകാരം വായ്പാകണക്ക് അവസാനിപ്പിക്കുമ്പോൾ പലിശ ഇളവ് നൽകുന്നതിനും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനും സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആർ.ബി.ഐ.കടപ്പത്രങ്ങളിലെ നിക്ഷേപം

91 (6542) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഏപ്രിൽ മാസം 1-ാം തീയതി മുതൽ ജില്ലാ സഹകരണ ബാങ്കുകൾ എസ്.എൽ.ആർ, സി.ആർ.ആർ. നിക്ഷേപങ്ങൾ ആർ.ബി.ഐ. കടപ്പത്രങ്ങളിൽ നേരിട്ട് നിക്ഷേപിക്കണമെന്ന ആർ.ബി.ഐ.യുടെ സർക്കുലർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുകയാണെങ്കിൽ ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിന് ഭീഷണിയാകും എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015 ഏപ്രിൽ 1 മുതൽ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം കണക്കാക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിലെ നിക്ഷേപം കണക്കിലെടുക്കാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ എസ്.എൽ.ആർ. നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ട സാഹചര്യമുണ്ടാകുകയും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാക്കാനും ആയത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന കാര്യം കേന്ദ്രസർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly